പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.399 | | 20.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| സ്മാർട്ട് സിറ്റി പദ്ധതി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.ടി.തോമസ്<br>,, കെ.മുരളീധരൻ<br>,, വി.എസ്.ശിവകുമാർ<br>,, അൻവർ സാദത്ത് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | തിരുവനന്തപുരം,കൊച്ചി കോർപ്പറേഷനുകൾക്ക് ലഭിച്ച സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ; | (എ) | കൊച്ചി കോർപ്പറേഷന് ലഭിച്ച സ്മാർട്ട് സിറ്റി പദ്ധതിയുടെ നടത്തിപ്പിൽ നിലവിൽ ബുദ്ധിമുട്ടുകൾ നേരിടുന്നില്ല.<br>തിരുവനന്തപുരം കോർപ്പറേഷന് ലഭിച്ച സ്മാർട്ട് സിറ്റി പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര വിഹിതം നാളിതു വരെ ലഭ്യമായിട്ടില്ല. സംസ്ഥാന വിഹിതമായി 10 കോടി രൂപ മുൻകൂറായി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം സ്മാർട്ട് സിറ്റിക്കു വേണ്ടി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | കൊച്ചി സ്മാർട്ട് സിറ്റിയുടെ നൂറ്റി അൻപത് കോടി രൂപയുടെ പ്രോജക്ടുകൾ ടെൻഡർ ചെയ്യുന്നതിനുള്ള നടപടി ഈ സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ സാധിക്കുമോ; | (ബി) | കൊച്ചി സ്മർട്ട് സിറ്റിയുടെ 124.90 കോടി രൂപയുടെ പദ്ധതികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ 50 കോടി രൂപയുടെ പദ്ധതികൾ 2018 മാർച്ച് അവസാനത്തോടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | തിരുവനന്തപുരം സ്മാർട്ട് സിറ്റിയുടെ കൺസൾട്ടന്റായി ആരെയാണ് തെരഞ്ഞെടുത്തതെന്ന് അറിയിക്കുമോ; പ്രസ്തുത കമ്പനിയെ ആസ്സാം സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൽറ്റൻസിയെ തിരഞ്ഞെടുത്തിട്ടില്ല. ഇതിനുള്ള നടപടികൾ നടന്നു വരുന്നു. QCBS(Quality and Cost Based Selection) 80:20 മാനദണ്ഡം മുഖേന two Cover E-tender Bid വഴി കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളാണ് |
| (ഡി) | ഉണ്ടെങ്കിൽ കൺസൾട്ടന്റ് കമ്പനി കരിമ്പട്ടികയിൽ ഉൾപ്പെട്ട സാഹചര്യത്തിൽ പുതിയ ടെൻഡർ നടപടികളിലേയ്ക്ക് പോകേണ്ടി വരുമോ; | | |

| | | | |
|---|---|---|---|
| | ഇത് പദ്ധതിയുടെ നടത്തിപ്പിനെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കാമോ; | | സ്വീകരിച്ചിട്ടുളളത്. മൂന്ന് കമ്പനികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>1. Wadia Techno Engg. Servcies Ltd. (Lead Bider), Ideck, Avineon<br>2. Mahindra Consulting Engg. (Lead Bidder), PWC, L&T<br>3. IPE Global (Lead Bidder), JLL<br>ഇതിൽ Wadia Techno Engg. Servcies Ltd - നെ ആസാം സർക്കാർ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി വിവരം ലഭിച്ചതിനെ തുടർന്ന് കമ്പനിയുടെ വിശദീകരണം ആവശ്യപ്പെടുകയും, കമ്പനി മറുപടി നല്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് ആണ് തീരുമാനമെടുക്കേണ്ടത് |
| (ഇ) | തിരുവനന്തപുരം, കൊച്ചി സ്മാർട്ട് സിറ്റി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല എംപവേർഡ് സ്റ്റിയറിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടോ;പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് പ്രസ്തുത കമ്മിറ്റി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ? | (ഇ) | തിരുവനന്തപുരം, കൊച്ചി സ്മാർട്ട് സിറ്റി മിഷനുകൾക്കായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല ഉന്നതാധികാര സമിതി (സ്റ്റേറ്റ് ലവൽ ഹൈപവേഡ് സ്റ്റിയറിംഗ് കമ്മിറ്റി) പ്രവൃത്തിച്ചു വരുന്നു. പ്രസ്തുത ഉന്നതാധികാര സമിതി കൊച്ചി സ്മാർട്ട് സിറ്റിക്കായി തിരഞ്ഞെടുത്ത പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിക്ക് അംഗീകാരം നൽകുകയും വിവിധ പ്രോജക്ടുകൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ